12080
17/11/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- അങ്കണവാടി ക്ഷേമനിധി - അങ്കണവാടി വർക്കറായ ശ്രീമതി പി. ഓമനയ്ക്ക് ചികിത്സാ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 610/2014/സാനീവ തീയതി, തിരുവനന്തപുരം.07.10.2014

---

പരാമർശം: 1) 06.05.1993-ലെ സ.ഉ.(പി) നം. 6/93/സാ.ക്ഷേ.വ. നമ്പർ ഉത്തരവ്
2) 23.05.2014-ലെയും, 02.08.2014-ലെയും സാമൂഹ്യനീതി ഡയറക്ടറുടെ എ.ഡബ്ല്യു.ഡബ്ല്യു.എഫ്./ഡി1-1077/2013 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ തൊടുപുഴ ശിശുവികസന പദ്ധതി ആഫീസിനു കീഴിൽ തൊടുപുഴ മുനിസിപ്പാലിറ്റി 142-ാം നമ്പർ അങ്കണവാടി വർക്കറായ ശ്രീമതി പി.ഓമന പോളിയോ ഡ്യൂട്ടിക്കിടെയുണ്ടായ അപകടത്തെത്തുടർന്ന് ചികിത്സയ്ക്കായി ധാരാളം തുക ചെലവായതായും ടിയാളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഗണിച്ചും ഡ്യൂട്ടിക്കിടെയുണ്ടായ അപകടമായതിനാലും സാമ്പത്തിക സഹായമായി 10,000/- രൂപ ക്ഷേമനിധി ഫണ്ടിൽ നിന്നും അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടിക്കിടയിലുള്ള അപകടമായതിനാലും ടിയാളുടെ പിന്നോക്കാവസ്ഥ പരിഗണിച്ചും ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ അംഗൻവാടി ക്ഷേമനിധിയിൽ നിന്നും 10,000/- രൂപ (പതിനായിരം രൂപ മാത്രം) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
എൻ.ബി.കോമളവല്ലി അമ്മ,
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അങ്കണവാടി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
ശ്രീമതി പി. ഓമന, അങ്കണവാടി വർക്കർ (സാമൂഹ്യനീതി ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), തിരുവനന്തപുരം
വെബ്ബ് ആന്റ് ന്യൂ മീഡിയ (വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ